# പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പതിനാലാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-2006)യുടെ പതിനഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

പതിനാലാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-2006)യുടെ പതിനഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

1291/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 23 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

*ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

---

*2017 മേയ് മാസം 5-ാം തീയതിയിലെ 221-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019)യുടെ 14-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-2006)യുടെ 15-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 ആഗസ്റ്റ് മാസം 9- ാം തീയതി ചേർന്ന സമിതി യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017, ആഗസ്റ്റ് 9.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 എറണാകുളം, ഇടുക്കി ജില്ലകളിലെ നഗരസഭകളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) യുടെ പതിനഞ്ചാമത് റിപ്പോർട്ട് 2006 ഫെബ്രുവരി മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ 16 ശിപാർശകളിന്മേലും സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 13-12-2006, 13-8-2014, 19-8-2015 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

1.3 റിപ്പോർട്ടിലെ ഖണ്ഡിക 8, 19, 26, 59, 66, 69, 75 എന്നിവയിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിന് സർക്കാർ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി.

1.4 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം അവയ്ക്ക് സർക്കാരിൽനിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നുള്ള മറുപടി, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽനിന്നു ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ഖണ്ഡിക 12, 13, 22, 49, 79 എന്നിവയിലെ ശിപാർശകളും സർക്കാർ മറുപടികളും സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് സർക്കാർ നൽകിയ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് നൽകിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ഖണ്ഡിക 46, 47, 54, 63 എന്നിവയിലെ ശിപാർശയും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരവും ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും തുടർശിപാർശകളും

ഖണ്ഡിക നമ്പർ 8

### ശിപാർശ

2.1.1 കേന്ദ്ര ഗവൺമെന്റും ബോംബെയിലെ അപ്പർ ലൈറ്റിംഗ് കമ്പനിയുമായിട്ടുള്ള റേറ്റ് കോൺട്രാക്ടിൽ പറയുന്ന നിരക്ക് അനുസരിച്ച് സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയിരുന്നുവെങ്കിൽ നഗരസഭയ്ക്കുണ്ടായ 4,98,547 രൂപയുടെ നഷ്ടം ഒഴിവാക്കാമായിരുന്നു. ഇൻവോയ്സിൽ പറയുന്ന എല്ലാ സാധനങ്ങളും ലഭ്യമായിട്ടുണ്ടോയെന്ന കാര്യത്തിലും സംശയം നിലനിൽക്കുന്നു. ആയതിനാൽ സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയ ഇടപാടിലൂടെ നഗരസഭയ്ക്ക് 4,98,547 രൂപയുടെ നഷ്ടമുണ്ടാക്കിയതിനുത്തരവാദിയാരാണെന്ന് കണ്ടെത്തി അവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) യുടെ 15-ാമത് റിപ്പോർട്ടിലുൾപ്പെട്ട പെരുമ്പാവൂർ നഗരസഭയെ സംബന്ധിച്ച ഖണ്ഡിക 8-ൽ പരാമർശിക്കുന്ന സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയ ഇടപാടിൽ നഗരസഭയ്ക്ക് ഉണ്ടായ 4,98,547 രൂപയുടെ നഷ്ടത്തിന് 16-1-1997-ലെ കൗൺസിൽ തീരുമാനത്തിൽ പങ്കാളികളായ കൗൺസിൽ അംഗങ്ങളും മരാമത്ത് ഓവർസിയർ ഗ്രേഡ് I, മുനിസിപ്പൽ എഞ്ചിനീയർ, മുനിസിപ്പൽ സെക്രട്ടറി എന്നിവരും ഉത്തരവാദികളാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. നഷ്ടത്തിന് ഉത്തരവാദികളായവരിൽനിന്നും ഈടാക്കേണ്ട വിഹിതം അറിയിക്കാൻ നഗരകാര്യ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് തുക തുല്യമായി ഈടാക്കാൻ സർക്കാർ നഗരകാര്യ ഡയറക്ടർക്ക് 31-10-2011-ലെ കത്തുപ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2.1.3 മുകളിൽ പരാമർശിച്ച നഷ്ടത്തിന് ഉത്തരവാദികളായവരിൽ നഗരസഭാ സെക്രട്ടറിയായിരുന്ന എം. ആർ. അഭിലാഷ് മരണമടഞ്ഞതായും ടിയാളെ ഒഴിവാക്കി മറ്റുള്ളവരിൽനിന്നും തുക ഈടാക്കാമോ എന്നും നഗരകാര്യ ഡയറക്ടർ സർക്കാരിനോട് ആരാഞ്ഞിരുന്നു. അതനുസരിച്ച് മരണമടഞ്ഞയാളെ ഒഴിവാക്കി മറ്റുള്ളവരിൽ നിന്നും തുക ഈടാക്കാൻ സർക്കാർ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകി. തുടർന്ന് നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയതുമായി

ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരെ രേഖകളുടെ അഭാവത്തിൽ തിരിച്ചറിയാൻ കഴിയുന്നില്ലെന്നും ഉത്തരവാദികളായവരിൽ നോട്ടീസ് നൽകിയവരിൽ മുനിസിപ്പൽ എഞ്ചിനീയർ, ഒരു കൗൺസിലർ എന്നിവർ മരണപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ 10-6-2014-ൽ ബഹു. നഗരകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിയശേഷം ഭേദഗതി വരുത്തിയ റിപ്പോർട്ട് ലഭ്യമാക്കാമെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു

2.1.4 പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 1 മുതൽ 20 വരെയുള്ള വാർഡുകളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് ഫിലിപ്സ് കമ്പനിയിൽനിന്നും ടി ലാമ്പുകൾ വാങ്ങുന്നതിന് അനുകൂലിച്ച കൗൺസിൽ അംഗങ്ങളും, നടപടി ക്രമങ്ങൾ പാലിക്കാതെ സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ച കൗൺസിൽ തീരുമാനം സംബന്ധിച്ച് നിയമപരമായ രീതിയിൽ നടപടികൾ സ്വീകരിക്കാതെ കൗൺസിൽ തീരുമാനം അംഗീകരിച്ച പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയും കുറ്റക്കാരാണെന്ന് നഗരകാര്യ ഡയറക്ടറുടെ പുതുക്കിയ റിപ്പോർട്ടിൽ കണ്ടെത്തിയിരുന്നു. ആയതിനാൽ നഗരസഭയ്ക്ക് ഈയിനത്തിലുണ്ടായ സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട അന്നത്തെ സെക്രട്ടറിയും കൗൺസിൽ അംഗങ്ങളും തുല്യമായി കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഉത്തരവാദികളിൽ മരണപ്പെട്ടവരുടെ വിഹിതം എഴുതിത്തള്ളാനും ബാക്കിയുള്ളവരിൽ നിന്നും അവരവരുടെ വിഹിതം വസൂൽ ചെയ്യുന്നതിനും പെരുമ്പാവൂർ നഗരസഭയ്ക്ക് നിർദ്ദേശം നൽകാനും നഗരകാര്യഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ നഷ്ടോത്തരവാദികളിൽ സെക്രട്ടറി, കൗൺസിൽ അംഗങ്ങൾ എന്നിവരിൽ മരണപ്പെട്ടവരുടെ വിഹിതം എഴുതിത്തള്ളാനും ബാക്കിയുള്ളവരിൽനിന്നും അവരവരുടെ വിഹിതം അടിയന്തരമായി വസൂൽ ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.1.5 സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയ ഇടപാടിലൂടെ നഗരസഭയ്ക്ക് ഉണ്ടായ 4,98,547 രൂപയുടെ നഷ്ടം ഈടാക്കാനായി 5-11-2013-ന് ഉത്തരവാദികളെ നിർണ്ണയിച്ച് കത്തു നൽകിയെങ്കിലും ആരും തുക അടവാക്കിയിട്ടില്ല. ഇതിന്മേൽ നഗരസഭ തുടർനടപടി സ്വീകരിച്ചിട്ടുമില്ല. തുക ഈടാക്കി റിപ്പോർട്ടുചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് 25-2-2015-ൽ എൽ.എഫ്.(പി.എംസി)എ 2-31/15 നമ്പർ കത്ത് നൽകിയിട്ടുണ്ട്.

<u>തുടർ ശിപാർശ</u>

**2.1.6 സമിതി ശിപാർശ പ്രകാരം തുക ഈടാക്കിയതും അതിന് സ്വീകരിച്ച നടപടിയും നിലവിലെ സ്ഥിതിയും സംബന്ധിച്ച് മറുപടി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക 19

<u>ശിപാർശ</u>

2.2.1 ആഡിറ്റ് പരാമർശമുണ്ടായി 4 വർഷങ്ങൾക്കുശേഷവും ഇക്കാര്യത്തിൽ ശരിയായ മറുപടി നൽകുകയോ ബന്ധപ്പെട്ട വൗച്ചറുകളും മറ്റു രേഖകളും ആഡിറ്റിന് ഹാജരാക്കുകയോ ചെയ്യാതിരുന്നത് മുനിസിപ്പൽ അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ആയതിനാൽ ഇത് സംബന്ധമായ എല്ലാ വൗച്ചറുകളും ഡി.പി.സി. അംഗീകാരമുൾപ്പെടെയുള്ള രേഖകളും അടിയന്തരമായി ആഡിറ്റിന് ഹാജരാക്കണമെന്നും ഇതേക്കുറിച്ചുള്ള റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.2 നഗരസഭ സമർപ്പിച്ച തുടർനടപടി റിപ്പോർട്ടിൽ ഈ പ്രോജക്ടിന് 9-9-1997-ൽ ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതാണെന്നും ഇതുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് സമയത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണെന്നും അറിയിച്ചു.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി**

2.2.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല. നിയമസഭാസമിതി നിർദ്ദേശിച്ചിരുന്ന പ്രകാരം ഫയലുകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അറിയില്ലായിരുന്നു എന്ന കാരണം പറഞ്ഞ് നിയമലംഘനം ന്യായീകരിക്കുന്ന നഗരസഭയുടെ വിശദീകരണം സ്വീകാര്യമല്ല. അംഗീകാരമില്ലാതെ ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സമിതി ആരാഞ്ഞ അധികവിവരം**

2.2.4 ബന്ധപ്പെട്ട വൗച്ചറുകളും രേഖകളും ഓഡിറ്റിന് ഹാജരാക്കണമെന്ന സമിതി നിർദ്ദേശം ആലുവ നഗരസഭ പാലിച്ചിട്ടില്ലാത്തതിനാൽ അംഗീകാരമില്ലാതെ ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

### തദ്ദേശ സ്വയംഭരണവകുപ്പ് ലഭ്യമാക്കിയ അധികവിവരം

2.2.5 പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വൗച്ചറുകൾ, മറ്റു രേഖകൾ എന്നിവ 2-7-2004-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്.

### അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.2.6 ഡി.പി.സി. അംഗീകാരം ലഭിച്ച രേഖയും മറ്റ് വൗച്ചറുകളും അടങ്ങിയ ഫയലുകൾ പരിശോധിച്ചു. എന്നാൽ പരാമർശത്തിലെ ചെലവുകൾ സാധൂകരിക്കുന്ന രേഖകൾ ഒന്നുംതന്നെ ഫയലിൽ ഇല്ലായിരുന്നു. ആയതിനാൽ ഈ പരാമർശം നിലനിർത്താവുന്നതും തുടർനടപടി സ്വീകരിക്കാവുന്നതുമാണ്.

<u>തുടർ ശിപാർശ</u>

**2.2.7 ചെലവുകൾ സാധൂകരിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് നൽകി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 26

<u>ശിപാർശ</u>

2.3.1 വ്യവസായപരിശീലന പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകളും മറ്റു രേഖകളും ആഡിറ്റ് സമയത്ത് ഹാജരാക്കാതിരുന്നതുമൂലമാണ് ആഡിറ്റ് പരാമർശമുണ്ടായത്. എന്നാൽ പ്രസ്തുത രേഖകൾ ഇനിയും ആഡിറ്റ് വകുപ്പിന് കൈമാറിയിട്ടുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച് വിവരമൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ തത്സംബന്ധമായ എല്ലാ ഫയലുകളും ബന്ധപ്പെട്ട മറ്റു രേഖകളും അടിയന്തിരമായി ആഡിറ്റ് വകുപ്പിന് കൈമാറുകയും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളിന്മേലുള്ള റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.2 നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം 2-7-2004-ൽ ഫയലുകളും രേഖകളും നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസറുടെ വിശദീകരണവും പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.3.3 തെളിവെടുപ്പ് വേളയിൽ നഗരസഭ അറിയിച്ച കാര്യങ്ങൾ ശരിയാണെന്ന് ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. വ്യവസായ വികസന ഓഫീസറുടേയും നഗരസഭയുടേയും വിശദീകരണങ്ങൾ സത്യസന്ധമാണെന്ന് രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടു. നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം**

2.3.4 വ്യവസായ പരിശീലനവുമായി ബന്ധപ്പെട്ട ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് 2-7-2004-ൽ കൈമാറിയിട്ടുള്ളതാണ് ആയതിന്റെ റിപ്പോർട്ട് ഈ ഓഫീസിൽ നിന്നും 8-7-2005-ലെ എൽ.എഫ്.എ.(എം2) 83/05-ാം നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. തുടർന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല.

**അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.3.5 13-11-2007-ലെ എൽ.എഫ്.ഇ.(എം1) 1892/07 പ്രകാരം റിപ്പോർട്ടിലെ ഖണ്ഡികയിന്മേലുള്ള നടപടി തുടരണമെന്ന് എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് ശിപാർശ ചെയ്തിട്ടുള്ളതാണ്.

<u>തുടർ ശിപാർശ</u>

**2.3.6 ലോക്കൽ ഫണ്ട് ഓഡിറ്റ് എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ 13-11-2007-ലെ എൽ.എഫ്.ഇ.(എം1) 1892/07 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിയോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചനടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 59

<u>ശിപാർശ</u>

2.4.1 എസ്റ്റിമേറ്റ് തുകയുടെ 5% വരുന്ന തുക ഗുണഭോക്തൃസമിതിക്ക് അധികമായി നൽകാൻ ബന്ധപ്പെട്ട ചട്ടങ്ങളിലും ഉത്തരവുകളിലും വ്യവസ്ഥയുള്ളതിനാൽ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണ പ്രോജക്ടിൽ എസ്റ്റിമേറ്റ് തുകയുടെ 5% ആയ 35,603 രൂപ അധികം നൽകിയതിൽ സമിതിക്ക് വിയോജിപ്പില്ല. എന്നാൽ ഗുണഭോക്തൃ സമിതിയുടെ വരവ്-ചെലവ് കണക്കുകൾ ഫയലിൽ ഇല്ലെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ ഈ ആഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ഫയലും രേഖകളും ആഡിറ്റിന് കൈമാറണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.4.2 നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം നഗരസഭ 2-7-2004-ൽ ഫയൽ ഓഡിറ്റിന് നൽകി. എന്നാൽ ഈ ഫയലിൽ ഗുണഭോക്തൃ സമിതിയുടെ വരവ്-ചെലവ് കണക്കുകൾ ഉണ്ടായിരുന്നില്ല. നഗരസഭ 22-6-2006-ൽ സമർപ്പിച്ച തുടർനടപടി റിപ്പോർട്ടിൽ വരവ്-ചെലവ് കണക്കുകളും മറ്റ് രേഖകളും നഗരസഭാ അധികൃതരെ ഏല്പിച്ചിട്ടുള്ളതാണെന്ന് ഗുണഭോക്തൃ സമിതി കൺവീനർ 21-6-2006-ൽ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ഫയൽ പരിശോധിച്ചതിൽ ടിയാൻ സമർപ്പിച്ച എന്ന് പറയുന്ന രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതാണെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.4.3 സമിതി നിർദ്ദേശ പ്രകാരം നഗരസഭ 2-7-2004-ൽ പ്രസ്തുത മരാമത്ത് പണിയുടെ ഫയൽ ഓഡിറ്റിന് നൽകി. ഇതിൽ ഗുണഭോക്തൃ സമിതിയുടെ വരവ് ചെലവ് കണക്കുകൾ ഉണ്ടായിരുന്നില്ല.

2.4.4 വരവ്-ചെലവ് കണക്കുകൾ നഗരസഭാ അധികൃതരെ ഏൽപ്പിച്ചിട്ടുള്ളതാണെന്ന് ഗുണഭോക്തൃ സമിതിയും വരവ്-ചെലവ് കണക്കുകൾ ഫയലില്ല എന്ന് നഗരസഭയും വിരുദ്ധനിലപാടുകൾ സ്വീകരിക്കുമ്പോൾ യഥാർത്ഥ വരവ്-ചെലവ് കണക്കുകളെ ആധാരമാക്കിയല്ല 5% തുക ഗുണഭോക്തൃ സമിതിയ്ക്ക് അധികമായി നൽകിയതെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതാണ്. അധികമായി നൽകിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കാവുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

2.4.5 ആലുവാ മുനിസിപ്പാലിറ്റി എഗ്രിമെന്റ് വെയ്ക്കാതെ 'സിൽക്കി'ന് (SILK) അധികമായി അഡ്വാൻസ് നൽകിയ 6 ലക്ഷം രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

2.4.6 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ റിപ്പോർട്ടുകൾ സഹിതം പുനഃപരിശോധനയ്ക്കായി ബന്ധപ്പെട്ട ഫയലുകളും രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് 2-7-2004-ൽ നൽകിയിട്ടുണ്ട്.

**അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.4.7 ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചില്ല. ആയതിനാൽ പരാമർശം നിലനിർത്താവുന്നതും തുടർനടപടി സ്വീകരിക്കാവുന്നതുമാണ്.

<u>തുടർ ശിപാർശ</u>

2.4.8 **ഫയൽ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 66

<u>ശിപാർശ</u>

2.5.1 ആഡിറ്റ് പരാമർശ വിധേയമായ ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടോയെന്ന് പോലും പരിശോധിക്കാതെയാണ് ആലുവ നഗരസഭയിലെ എഞ്ചിനീയറിംഗ് സ്റ്റാഫ് സമിതി മുമ്പാകെ ഹാജരായത്. ഇത് അവരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. നിർവ്വഹണ ഉദ്യോഗസ്ഥയായ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ഇത്രയും വലിയ ബാദ്ധ്യത വരുത്തിവച്ചിരിക്കുന്ന സാഹചര്യത്തിൽ അവർക്ക് എൻ.എൽ.സി. നൽകരുതെന്ന് മുനിസിപ്പൽ സെക്രട്ടറി വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ചുറ്റുമതിൽ നിർമ്മാണം നടന്നിട്ടുണ്ടോയെന്നും മുനിസിപ്പൽ എഞ്ചിനീയർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.5.2 നഗരസഭ 22-6-2006-ൽ സമർപ്പിച്ച തുടർനടപടി റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസിന് എൻ.എൽ.സി. നൽകരുതെന്ന് എറണാകുളം ജില്ലാ വിദ്യാഭ്യാസ ഡയറക്ടറെ 17-6-2006-ൽ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന ഹെഡ്മിസ്ട്രസിനും 17-6-2006-ൽ രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി**

2.5.3 ഈ പ്രവൃത്തി സംബന്ധിച്ച ഫയൽ ഹാജരാക്കുകയോ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കുകയോ ചെയ്തിട്ടില്ല. ഫയൽ ഇതുവരെയും ഓഡിറ്റിന് ഹാജരാക്കാത്ത സാഹചര്യത്തിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താവുന്നതാണ്.

**സമിതി ആരാഞ്ഞ അധികവിവരം**

2.5.4 ഫയൽ ഇതുവരെയും ഓഡിറ്റിന് ഹാജരാക്കാത്ത സാഹചര്യത്തിൽ തുക ഈടാക്കുന്നതിനുള്ള ബന്ധപ്പെട്ട വകുപ്പ് നടപടികൾ ത്വരിതപ്പെടുത്തുക.

**തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം**

2.5.5 റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം 17-6-2006-ലെ ജി6-6368/2004 നമ്പർ പ്രകാരം ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ അന്നത്തെ പ്രിൻസിപ്പലായിരുന്ന റീത്ത ജോൺ ഫെർണാണ്ടസിന് എൻ.എൽ.സി. നൽകേണ്ടെന്ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് വിവരം റിപ്പോർട്ട് ചെയ്യുന്നു. ചുറ്റുമതിൽ നിർമ്മിച്ചിട്ടുള്ളതായി സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.5.6 നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം 17-6-2006-ൽ മുനിസിപ്പൽ സെക്രട്ടറി വിദ്യാഭ്യാസവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഗവ.ഗേൾസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസിന് എൻ.എൽ.സി. നൽകരുതെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഈ പ്രവർത്തിയുടെ ചെലവ് സാധൂകരിക്കുന്ന രേഖകൾ ഒന്നുമില്ലാത്തതിനാൽ ഈ പരാമർശം നിലനിർത്തി തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

<u>തുടർ ശിപാർശ</u>

**2.5.7 ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രസ്തുത രേഖകൾ ഹാജരാക്കണമെന്നും, അല്ലാത്തപക്ഷം തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 69

<u>ശിപാർശ</u>

2.6.1 മാത്യൂസ് സെയിൽസ് കോർപ്പറേഷനുമായി റേറ്റ് കോൺട്രാക്ട് നിലവിലുണ്ടെന്ന കാര്യം അറിയാതെയാണ് സിംഗർ ഇൻഡ്യയിൽ നിന്ന് തയ്യൽ മെഷീൻ വാങ്ങിയതെന്ന വാദം അംഗീകരിക്കാവുന്നതല്ല. നിയമത്തെക്കുറിച്ചുള്ള അജ്ഞത നിയമലംഘനത്തിനുള്ള ന്യായീകരണമല്ല എന്നതുപോലെ നിലനിൽപ്പില്ലാത്ത

ഒരു വാദമാണിതെന്നാണ് സമിതി വിലയിരുത്തുന്നത്. 1998 മുതൽ 2002 വരെയുള്ള കാലയളവിൽ ആലുവ നഗരസഭയിൽ വളരെ ഗുരുതരമായ 13 ആഡിറ്റ് പരാമർശങ്ങളുണ്ടായി എന്നതും സമിതി ഗൗരവമായി വീക്ഷിക്കുന്നു. റേറ്റ് കോൺട്രാക്ട് നിലവിലുള്ള കാര്യം അറിയില്ലെന്ന കാരണം പറഞ്ഞ് സിംഗർ ഇൻഡ്യയുടെ ഒരു ക്വട്ടേഷൻ മാത്രം സ്വീകരിച്ച് തയ്യൽ മെഷീനുകൾ വാങ്ങിയതുവഴിയുണ്ടായ 15,873/- രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

2.6.2 ഭാവിയിൽ ഇത്തരം സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർപർച്ചേസ് മാനുവലിലെ നിബന്ധനകൾ പാലിക്കുന്നതാണെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും നഗരസഭാ സെക്രട്ടറി തുടർനടപടി റിപ്പോർട്ടിലൂടെ അപേക്ഷിച്ചു

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.6.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല. ഭാവിയിൽ സ്റ്റോർ പർച്ചേസ് മാനുവലിലെ നിബന്ധനകൾ പാലിക്കുന്നതാണെന്ന നഗരസഭയുടെ മറുപടി അംഗീകരിക്കേണ്ടതില്ല. ഇതിന് ശേഷവും നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ വൻതുകയ്ക്കുള്ള വാങ്ങലുകൾ ഈ നഗരസഭ നടത്തിയിട്ടുണ്ടെന്ന് കാണാവുന്നതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. നിയമാനുസരണമല്ലാതെ ചെലവ് ചെയ്യതുമൂലം നഷ്ടമായ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് നിയമസഭാ സമിതിയുടെ <u>ശിപാർശയിന്മേലുള്ള</u> നടപടികൾ ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

2.6.4 റേറ്റ് കോൺട്രാക്ട് നിലവിലുള്ള കാര്യം അറിയില്ലെന്ന കാരണം പറഞ്ഞ് സിംഗർ ഇന്ത്യയുടെ ഒരു ക്വട്ടേഷൻ മാത്രം സ്വീകരിച്ച് തയ്യൽ മെഷീൻ വാങ്ങിയത് മൂലമുണ്ടായ 15,873 രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കണമെന്ന സമിതിയുടെ <u>ശിപാർശയിന്മേലുള്ള</u> നടപടികൾ ത്വരിതപ്പെടുത്തുക.

## തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

2.6.5 നഗരസഭയുടെ അന്തിമാഭിപ്രായം വ്യക്തമാക്കുന്നതിനുവേണ്ടി ടി വിഷയം കൗൺസിലിലേക്ക് ശിപാർശ ചെയ്തിട്ടുള്ളതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.6.6 ശ്രീ. സി. എം. മുഹമ്മദ് ഷെരീഫിന്റെ മറുപടിയിൽ പ്രധാനമായും രണ്ട് കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിലൊന്ന് 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും, സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 16(2) പ്രകാരം നിശ്ചിത സ്റ്റാന്റേർഡിലും സ്പെസിഫിക്കേഷനിലും സാധനസാമഗ്രികൾ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന സ്ഥായിയായ ഏതെങ്കിലും സ്ഥാപനത്തിൽനിന്നും സാധനസാമഗ്രികൾ വാങ്ങുന്നതിന് ടി ചട്ടങ്ങളിലെ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ് എന്നതാണ്. എന്നാൽ ഈ ചട്ടത്തിൽ പറയുന്നത് റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽനിന്ന് ഉൾപ്പെടെയുള്ള വാങ്ങലുകൾക്ക് ചട്ടം 8, 9, 10 എന്നിവ പ്രകാരമുള്ള ടെണ്ടർ നടപടികൾ ആവശ്യമില്ല എന്ന് മാത്രമാണ്. മറ്റൊന്ന് ബന്ധപ്പെട്ടവരിൽനിന്നും നഷ്ടം ഈടാക്കാൻ നിയമസഭാ സമിതി ശിപാർശ ചെയ്യുമ്പോൾ അന്നത്തെ സെക്രട്ടറി എന്ന നിലയിൽ താൻ മാത്രമാണ് നഷ്ടത്തിന് ഉത്തരവാദിയെന്ന് തെറ്റായ അനുമാനത്തിലാണ് തനിക്ക് നോട്ടീസ് നൽകിയിട്ടുള്ളത് എന്നതാണ്. ആയതിനാൽ 15,873 രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

### സമിതി ആരാഞ്ഞ അധികവിവരം

2.6.7 ബന്ധപ്പെട്ടവരിൽനിന്നും നഷ്ടമുകയായ 15,873 രൂപ ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുക.

### തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

2.6.8 കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 15-ാമത് റിപ്പോർട്ട് ഖണ്ഡിക 69-ലെ പരാമർശ പ്രകാരം ആലുവ നഗരസഭയിൽ 1997-98 കാലത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യൽ മെഷീനുകൾ വാങ്ങിയതുമൂലം നഗരസഭയ്ക്കുണ്ടായ 15,873 രൂപയുടെ നഷ്ടത്തിന് ഉത്തരവാദികളായവരിൽനിന്നും തുക ഈടാക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമസഭാ സമിതി നിർദ്ദേശിച്ചിരുന്നു. നഷ്ടത്തിന് ഉത്തരവാദി നഗരസഭാ സെക്രട്ടറിയെന്ന നിലയിൽ അന്നത്തെ മുനിസിപ്പൽ സെക്രട്ടറി ശ്രീ സി. എം. മുഹമ്മദ് ഷെരീഫിനോട് തുക ഒടുക്കുന്നതിനോ അല്ലെങ്കിൽ ആയത് സംബന്ധിച്ച് വിശദീകരണം നൽകുന്നതിനോ നിർദ്ദേശിച്ചിരുന്നു. ശ്രീ. സി. എം. മുഹമ്മദ് ഷെരീഫ് നൽകിയിട്ടുള്ള മറുപടി തൃപ്തികരമാണെന്നും മേൽ നടപടികളിൽനിന്നും ടിയാനെ ഒഴിവാക്കണമെന്നും നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

**അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്**

2.6.9 26-11-2010-ൽ എറണാകുളം ജോയിന്റ് ഡയറക്ടറായിരുന്ന ശ്രീ. സി. എം. മുഹമ്മദ് ഷെരീഫ് നഗരകാര്യ ഡയറക്ടർക്ക് നൽകിയ സി.എ. 3349/10 നമ്പർ കത്തിൽ തൊഴിൽരഹിതരായ പട്ടികജാതി സ്ത്രീകൾക്ക് ഗുണമേന്മയുള്ള തയ്യൽ മെഷീൻ വിതരണം ചെയ്യണമെന്ന സദുദ്ദേശ്യത്തോടെയാണ് എം.എൽ.ഇ.സി., മുനിസിപ്പൽ കൗൺസിൽ എന്നിവയുടെ കൂട്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സിംഗർ കമ്പനിയിൽ കമ്പാനിയൻ ബ്രാന്റ് തയ്യൽമെഷീൻ വാങ്ങി നൽകിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. 1-2-2011-ലെ നഗരകാര്യ ഡയറക്ടറുടെ എഫ്2-2985/06 നമ്പർ കത്തുപ്രകാരം മുൻ സെക്രട്ടറിയുടെ മറുപടി തൃപ്തികരമായതിനാൽ മേൽ നടപടികളിൽ നിന്ന് ഒഴിവാക്കുവാനും നിർദ്ദേശിച്ചിരുന്നു. കൂടാതെ 31-12-2013-ലെ 2-ാം നമ്പർ മുനിസിപ്പൽ കൗൺസിൽ തീരുമാനപ്രകാരം പരാമർശം ഒഴിവാക്കാൻ സർക്കാരിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചിട്ടുണ്ട്.

<u>തുടർശിപാർശ</u>

**2.6.10 പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശത്തിന്മേൽ സർക്കാർ ഉചിതമായ നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 75

<u>ശിപാർശ</u>

2.7.1 ഗുണഭോക്തൃ വിഹിതം സ്വരൂപിക്കാതെതന്നെ പദ്ധതി വിഹിതം പൂർണ്ണമായി നൽകുന്ന കാര്യം പറവൂർ നഗരസഭാ കൗൺസിൽ ചർച്ച ചെയ്യുവെന്നല്ലാതെ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാതെ തന്നെ പ്രോജക്റ്റിൽ മാറ്റം വരുത്തിയത് ശരിയായ നടപടിയല്ല എന്നിരുന്നാലും ദുർബല വിഭാഗക്കാരായ പട്ടികജാതിക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതിയെന്ന പരിഗണനയിൽ പൂർത്തിയാകാത്ത വീടുകളുണ്ടെങ്കിൽ അവ കൂടി പൂർത്തീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.7.2 11 വീടുകൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ആ 11 വീടുകളുടെയും പണികൾ 17-8-2004-ൽ പൂർത്തീകരിച്ചുകഴിഞ്ഞു. ഈ വിവരം ഈ ഓഫീസിലെ 4-3-2008-ാം തീയതിയിലെ A3-12960/06 നമ്പർ കത്ത് പ്രകാരം ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം, ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, എറണാകുളം എന്നിവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി**

2.7.3 15-ാമത് റിപ്പോർട്ട് ഖണ്ഡിക 75 പ്രകാരമുള്ള വടക്കൻ പറവൂർ നഗരസഭയിലെ ദുർബല വിഭാഗക്കാരായ പട്ടികജാതിക്കാർക്കായുള്ള നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ സംബന്ധിച്ച് പ്രാദേശിക പരിശോധന നടത്തി. ഈ പദ്ധതിയിൽ ആകെ 11 ഗുണഭോക്താക്കളാണ് ഉള്ളത്. എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കിയതായും എല്ലാ ഗഡുക്കളും കൈപ്പറ്റിയതായും പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു. എന്നാൽ ഭവന നിർമ്മാണം പൂർത്തിയാക്കിയതു സംബന്ധിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ കാണാൻ കഴിഞ്ഞില്ല.

<u>തുടർശിപാർശ</u>

**2.7.4 ഭവനനിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് നൽകുക.**

## അദ്ധ്യായം III

സർക്കാരിൽനിന്നും ലഭിച്ച മറുപടി തൃപ്തികരമായതിനാൽ തുടർനടപടി സ്വീകരിക്കേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയുള്ള മറുപടികളും

ഖണ്ഡിക നമ്പർ 12

<u>ശിപാർശ</u>

3.1.1 ബി.എഡ്. സെന്ററിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി സർക്കാർ അനുമതി ഇല്ലാതെയും ക്രമരഹിതമായും 31-3-1997-ൽ നൽകിയതും 16-8-2001-ൽ മാത്രം തിരിച്ചടച്ചുവെന്നറിയിക്കുകയും ചെയ്ത രണ്ട് ലക്ഷം രൂപ അനധികൃതമായി കൈവശം സൂക്ഷിച്ചവരിൽ നിന്ന് പ്രസ്തുത കാലയളവിലേക്കുള്ള (ഏകദേശം 4 വർഷം) പലിശ കൂടി ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത തുക പീപ്പിൾസ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ചത് ആരാണെന്ന് കണ്ടെത്തി വിവരം സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം മുനിസിപ്പൽ ഫണ്ട് തുക ബാങ്കിൽ നിക്ഷേപിച്ചത് അനധികൃതമായി കൈവശം സൂക്ഷിച്ച പ്രസ്തുത കാലയളവിലേക്കുള്ള (52½ മാസം) പലിശ ഈടാക്കുന്നതിന് നോട്ടീസ് നൽകിയത്

പ്രകാരം 1,18,125 രൂപ മുൻ നഗരസഭാ ചെയർമാൻ ശ്രീ. സി. എൻ. സുന്ദരൻ 28-4-2008-ലെ 278/27784-ാം നമ്പർ രസീത് പ്രകാരം മുനിസിപ്പൽ ഫണ്ടിൽ അടച്ചതായാണ് രേഖകൾ പരിശോധിച്ചതിൽ കാണുന്നത്.

3.1.3 ബി.എഡ്. സെന്ററിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി സർക്കാർ അനുമതി ഇല്ലാതെ 31-3-1997-ൽ നൽകിയതും 16-8-2001-ൽ മാത്രം തിരിച്ചടച്ചതുമായ 2 ലക്ഷം രൂപ ബി.എഡ്. കോളേജ് സ്റ്റിയറിംഗ് കമ്മിറ്റിക്ക് വേണ്ടി അന്നത്തെ നഗരസഭ ചെയർമാനും സ്റ്റിയറിംഗ് കമ്മിറ്റി ചെയർമാനുമായ ശ്രീ. സി. എൻ. സുന്ദരൻ അവർകളാണ് പീപ്പിൾസ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ചത്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.1.4 ബി.എഡ്. സെന്ററിന് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുവേണ്ടി സർക്കാർ അനുമതി ഇല്ലാതെയും ക്രമരഹിതമായും 31-3-1997-ൽ തൃപ്പൂണിത്തുറ നഗരസഭ നൽകിയ 2 ലക്ഷം രൂപ തിരിച്ചടച്ചത്, തൃപ്പൂണിത്തുറ പീപ്പിൾസ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 6-8-2001-ലെ ചെക്ക് നമ്പർ 1731 പ്രകാരം 0-9-8-2001-ൽ നഗരസഭാ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 57058054684 SBT, തൃപ്പൂണിത്തുറ ബ്രാഞ്ച്) വരവ് വന്നിട്ടുണ്ട്.

3.1.5 തൃപ്പൂണിത്തുറ പീപ്പിൾസ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ, തൃപ്പൂണിത്തുറ ബി.എഡ്. സെന്റർ ഡെവലപ്പ്മെന്റ് കമ്മിറ്റി ചെയർമാന്റെ പേരിലുള്ള അക്കൗണ്ട് നമ്പർ 99562-ൽ നിന്നാണ് ഈ തുക തിരികെ ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത ബി.എഡ്. സെന്റർ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ ചെയർമാൻ അന്നത്തെ തൃപ്പൂണിത്തുറ നഗരസഭാ ചെയർമാനായിരുന്ന ശ്രീ. സി. എൻ. സുന്ദരൻ അവർകൾ ആയിരുന്നു.

3.1.6 31-3-1997-ൽ കൈപ്പറ്റിയ 2,00,000 രൂപ, ഡെവലപ്പ്മെന്റ് കമ്മിറ്റി ചെയർമാൻ 16-8-2001-ൽ തിരിച്ചടച്ചുവെങ്കിലും, അതുവരെയുള്ള പലിശ (1-4-1997 to 16-8-2001) 1,18,125 രൂപ 28-4-2008-ൽ 27784/278 നമ്പർ രസീത് പ്രകാരമാണ് നഗരസഭയിൽ നേരിട്ട് അടച്ചിട്ടുള്ളത്. 6-8-2001-ലെ ബാങ്ക് ചെക്ക് പ്രകാരം 2,00,000 രൂപ അടച്ചത് 9-8-2001-ൽ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തെങ്കിലും നഗരസഭാ രേഖകൾ പ്രകാരം 16-8-2001-ൽ ആണ് തുക തിരികെ വന്നിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാലാണ് 1-4-1997 മുതൽ 16-8-2001 വരെ പലിശയിനത്തിൽ 1,18,125 രൂപ നഗരസഭ ഈടാക്കിയത്. ഈ പലിശ തുകയും അടച്ചത് ബി. എഡ് സെന്റർ ഡെവലപ്പ്മെന്റ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ശ്രീ. സുന്ദരൻ തന്നെയാണ്.

ശിപാർശ

3.2.1 ബി.എഡ്. കോളേജിന് കെട്ടിടം നൽകിയ ഇനത്തിൽ 1991 മുതൽ നാളിതുവരെ ലഭിക്കുവാനുള്ള വാടക ഈടാക്കുന്നതിനോ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ ഈ നടപടിക്ക് സർക്കാരിൽ നിന്നുള്ള അംഗീകാരം (സാധൂകരണം) വാങ്ങുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.2.2 തൃപ്പൂണിത്തുറ നഗരസഭയെ സംബന്ധിച്ച ഖണ്ഡിക 13-ൽ പരാമർശിച്ചിട്ടുള്ള ബി.എഡ്. കോളേജ് പ്രവർത്തിക്കുന്നതിനായി നഗരസഭാ കെട്ടിടം വാടകയില്ലാതെ 1991 മുതൽ 2007 വരെ നൽകിയ നഗരസഭയുടെ നടപടിക്ക് 20-5-2014-ലെ G.O.(Rt.) No. 1223/14/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി**

3.2.3 ബി.എഡ്. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി സർക്കാർ അനുമതിയില്ലാതെ ക്രമരഹിതമായി 31-3-1997-ൽ നഗരസഭ നൽകിയ 2 ലക്ഷം രൂപ, വികസന കമ്മിറ്റി ചെയർമാനായിരുന്ന അന്നത്തെ തൃപ്പൂണിത്തുറ നഗരസഭാ ചെയർമാൻ ശ്രീ. എൻ. സുന്ദരൻ 16-8-2001-ൽ തിരിച്ചടച്ചിട്ടുണ്ട്. 1-4-1997 മുതൽ 16-8-2001 വരെയുള്ള പലിശത്തുക 1,18,125 രൂപയും 28-4-2008-ൽ തിരിച്ചടച്ചിട്ടുണ്ട്. ബി.എഡ്. കോളേജ് പ്രവർത്തിക്കുന്നതിനായി നഗരസഭാ കെട്ടിടം വാടകയില്ലാതെ 1991 മുതൽ 20-3-2007 വരെ നൽകിയ നഗരസഭയുടെ നടപടിക്ക് 20-5-2014-ലെ സ.ഉ.(ആർ.ടി.) നം. 1223/14/ത.സ്വ.ഭവ. പ്രകാരം സാധൂകരണം ലഭിച്ചതായും ബോധ്യപ്പെട്ടിട്ടുണ്ട്.

ഖണ്ഡിക നമ്പർ 22

ശിപാർശ

3.3.1 ആഡിറ്റ് വേളയിൽ ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും നൽകാതിരുന്നതുമൂലമാണ് ഇങ്ങനെയൊരു പരാമർശമുണ്ടായത്. ആഡിറ്റ് പരാമർശമുണ്ടായി 4 വർഷം കഴിഞ്ഞിട്ടും നിയമസഭാ സമിതി ഈ പരാമർശം പരിശോധനയ്ക്കെടുത്തിട്ടുപോലും, ഇക്കാര്യത്തിൽ തൃപ്തികരമായ മറുപടി നൽകാൻ കഴിയാതിരുന്നത് നഗരസഭയുടെ മാത്രമല്ല പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന ആലുവ ഗവ.ബോയ്സ് ഹൈസ്കൂളിലെ ഹെഡ്മിസ്ട്രസിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥകൊണ്ടുകൂടിയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ആലുവ ഗവ.ബോയ്സ് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സിന് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ ഫയലുകളും മറ്റനുബന്ധ രേഖകളും അടിയന്തരമായി എറണാകുളം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും ഡെപ്യൂട്ടി ഡയറക്ടർ ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.2 നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം 2-7-2004-ൽ രേഖകൾ ഹാജരാക്കി.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി**

3.3.3 ഹാജരാക്കിയ രേഖകൾ പരിശോധിച്ച് ചെലവുകൾ ക്രമപ്രകാരമാണ് നടത്തിയിരിക്കുന്നതെന്ന് ബോധ്യപ്പെട്ടു. ഓഡിറ്റ് തടസ്സം നീക്കം ചെയ്യാവുന്നതാണ്.

ഖണ്ഡിക നമ്പർ 46, 47

<u>ശിപാർശ</u>

3.4.1 മണ്ണിന്റെ വിലയുടെ കാര്യത്തിൽ ആഡിറ്റ് വകുപ്പിന്റെയും മുനിസിപ്പൽ എഞ്ചിനീയറുടെയും നിലപാട് പരസ്പരവിരുദ്ധമാണ്. മണ്ണ് എവിടെനിന്ന് കൊണ്ടുവന്നാലും മണ്ണിന്റെ വില കൊടുക്കാൻ പാടില്ലെന്ന് ആഡിറ്റ് വകുപ്പ് നിഷ്കർഷിക്കുമ്പോൾ ഒരിക്കലും മണ്ണ് സൗജന്യമായി കിട്ടില്ലെന്നും അതിനാൽ ഒരു $M^3$ മണ്ണിന് 25 രൂപ നിരക്കിൽ മണ്ണിന്റെ വില നൽകാൻ പി.ഡബ്ല്യു. കോഡിൽ തന്നെ നിരക്ക് നിശ്ചയിച്ചിട്ടുണ്ടെന്നാണ് മുനിസിപ്പൽ എഞ്ചിനീയർമാരുടെ വാദം. മണ്ണിന്റെ വിലയുടെ കാര്യത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പും മുനിസിപ്പൽ എഞ്ചിനീയറും വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ നഗരകാര്യ ഡയറക്ടർ ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഉപദേശം തേടണമെന്നും അതിന്റെ അടിസ്ഥാനത്തിൽ നഷ്ടം എത്രയാണെന്ന് കൃത്യമായി കണക്കാക്കുകയും നഷ്ടത്തിനുത്തരവാദികളായവർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽനിന്ന് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3.4.2 ജനകീയാസൂത്രണ പ്രവൃത്തികളുടെ ഭൗതിക പരിശോധനയ്ക്കായി സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമാണ്. ആയതിന് പ്രത്യേകമായി ഒരു ടെക്നിക്കൽ വിംഗ് രൂപീകരിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.3 നഗരകാര്യ ഡയറക്ടറിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി**

3.4.4 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല. നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്മേൽ തുടർ നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം തേടാവുന്നതാണ്.

### സമിതി ആരാഞ്ഞ അധികവിവരം

3.4.5 ശിപാർശയിന്മേലുള്ള നടപടി ത്വരിതപ്പെടുത്തി അതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുക.

### തദ്ദേശസ്വയം ഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

3.4.6 മണ്ണിന്റെ വിലയുടെ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും മുനിസിപ്പൽ എഞ്ചിനീയറും വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചിട്ടുള്ളതിനാൽ വിദഗ്ദ്ധോപദേശത്തിനായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ മറുപടി റിപ്പോർട്ട് അനുസരിച്ച് കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് നികത്തിയതിന് നൽകിയ തുക അനുവദനീയമായ നിരക്കിലാണെന്നും അധികമായി നൽകിയിട്ടില്ല.

3.4.7 ജനകീയാസൂത്രണ പ്രവൃത്തികളുടെ ഭൗതിക പരിശോധനയ്ക്കായി സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന മുനിസിപ്പൽ ലെവൽ ടെക്നിക്കൽ കമ്മിറ്റി, ജില്ലാതല ടെക്നിക്കൽ കമ്മിറ്റി എന്നിവ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ മെഷർമെന്റ് എടുക്കുന്നതിനുള്ള തർക്കങ്ങൾ, പരിശോധന, മോണിറ്ററിംഗ് എന്നീ കാര്യങ്ങൾ ടി കമ്മിറ്റിയ്ക്ക് നടത്താൻ കഴിയുന്നതാണ്.

### അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

3.4.8 കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംങ്ങ് നടത്തുന്ന പ്രവർത്തിയിൽ അധികചെലവ് വന്നിട്ടില്ലായെന്ന് പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർ അഭിപ്രായപ്പെട്ടിട്ടുള്ള തിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

ജനകീയാസൂത്രണ പ്രവർത്തികളുടെ പരിശോധനക്കായി സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന എം.എൽ.ടി.സി, ഡി.എൽ.ടി.സി. എന്നിവ പ്രവർത്തിക്കുന്നതിനാൽ പൊതുമരാമത്ത് പ്രവർത്തികളിൽ അവയുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന മറുപടി അംഗീകരിക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 49

<u>ശിപാർശ</u>

3.5.1 കറ്റിപ്പുഴ കൃഷ്ണപിള്ള മെമ്മോറിയൽ ലൈബ്രറി വാർഷികാഘോഷ പരിപാടികൾക്ക് പ്ലാൻ ഫണ്ടിൽനിന്ന് 50,000 രൂപ വകയിരുത്തിയെന്നും അധികമായി ചെലവഴിക്കേണ്ടി വന്ന തുക ആദ്യം ചെലവഴിച്ചുവെന്നും അതിനുശേഷം പൊതുജനങ്ങളിൽ നിന്ന് പിരിവെടുത്ത് തുക മുനിസിപ്പൽ ഫണ്ടിലേക്ക് തിരിച്ചടച്ചുവെന്നും തുക

തിരിച്ചടക്കുന്നതിന് അൽപ്പം കാലതാമസം വന്നുവെന്നു മാത്രമേയുള്ളുവെന്നുള്ള ആലുവാ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഈ ആഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഖണ്ഡിക നമ്പർ 54

<u>ശിപാർശ</u>

3.6.1 എഗ്രിമെന്റ് പോലും വയ്ക്കാതെ സിൽക്ക്-ന് 6 ലക്ഷം രൂപ അഡ്വാൻസ് നൽകിയ അന്നത്തെ മുനിസിപ്പൽ സെക്രട്ടറി ശ്രീ. ഷെരീഫിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സിൽക്ക്-ൽ നിന്നും തുക തിരിച്ച് ലഭിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും തുക അവരിൽനിന്ന് ഈടാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ അനധികൃതമായി തുക നൽകിയതിനുത്തരവാദികളായ മുനിസിപ്പൽ സെക്രട്ടറിയിൽനിന്നും മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ബന്ധപ്പെട്ട എഞ്ചിനീയർമാരിൽനിന്നും സൂപ്പർവൈസറി ഉദ്യോഗസ്ഥരിൽനിന്നുമായി പ്രസ്തുത തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.6.2 നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടികളെപ്പറ്റി നഗരസഭാ അധികൃതർ നാളിതുവരെ യാതൊരു റിപ്പോർട്ടും നൽകിയിട്ടില്ല. നഗരകാര്യ ഡയറക്ടർക്ക് 22-6-2006-ൽ നൽകിയ തുടർനടപടി റിപ്പോർട്ടിലും ഈ ഖണ്ഡികയെപ്പറ്റി പരാമർശിച്ചിട്ടില്ല.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി**

3.6.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല. അഡ്വാൻസ് തുക തിരികെ ലഭിച്ചതായോ ഇതിന്റെ തുടർനടപടികളെപ്പറ്റിയോ നാളിതുവരെ റിപ്പോർട്ടൊന്നും നൽകിയിട്ടില്ലാത്തതിനാൽ തുക എത്രയും വേഗം ഈടാക്കാൻ വേണ്ട നിർദ്ദേശം നൽകാവുന്നതാണ്.

**സമിതി ആരാഞ്ഞ അധികവിവരം**

3.6.4 അഡ്വാൻസ് തുക തിരികെ ലഭിച്ചതായോ ഇതിന്റെ തുടർ നടപടികളെ പറ്റിയോ നാളിതുവരെ റിപ്പോർട്ടൊന്നും നൽകിയിട്ടില്ലാത്തതിനാൽ തുക എത്രയും വേഗം ഈടാക്കുകയും ആയതിന്റെ റിപ്പോർട്ട് സമിതിയ്ക്ക് നൽകുകയും ചെയ്യുക.

### തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

3.6.7 ഇക്കപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ അലൈൻമെന്റ് പരിശോധന, മണ്ണ് പരിശോധന, ഡിസൈൻ മുതലായ കാര്യങ്ങളിൽ സാങ്കേതിക പഠനം നടത്തി ഡിസൈൻ തയ്യാറാക്കുന്നതിന് കൺസൾട്ടിംഗ് ഫീസ് എന്ന നിലയിലാണ് സിൽക്കിന് തുക അനുവദിച്ചിട്ടുള്ളത്. ആയതിൽ ശേഷിക്കുന്ന 29,915.55 രൂപ നഗരസഭയിൽ തിരിച്ചേൽപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി നഗരസഭ ഉപേക്ഷിച്ചിട്ടില്ല. സിൽക്കിൽ നിന്നും ലഭ്യമായ റിപ്പോർട്ടിലെ വിവരങ്ങൾ ഇക്കപാലം നിർമ്മാണ വേളയിൽ ആവശ്യമായി വരുന്നതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിനെക്കൊണ്ടോ, ബി.ഒ.റ്റി. വ്യവസ്ഥയിലെ പ്രസ്തുത ഇക്കപാലം നിർമ്മിക്കുന്നതിന് നഗരസഭയുടെ സജീവ പരിഗണനയിൽ ഉള്ളതാണ്. കേന്ദ്രസർക്കാരിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഇക്കപാലം നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 10-6-2011-ലെ 15-ാം നമ്പർ തീരുമാനത്തിന്റെ കോപ്പി കൂടി ചേർത്തിട്ടുണ്ട്.

### അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.6.8 എഗ്രിമെന്റ് പോലും വയ്ക്കാതെ സിൽക്കിന് 6 ലക്ഷം രൂപ അഡ്വാൻസ് നൽകിയത് തിരികെ ഈടാക്കണമെന്ന് നിയമസഭാ സമിതി കൃത്യമായി നിർദ്ദേശിച്ചിട്ടുള്ളതാണ്. ദേവസ്വം ബോർഡിന്റെ മുൻകൂർ അനുമതി വാങ്ങാതിരുന്നതിന് കൗൺസിൽ തീരുമാനത്തിൽ വിശദീകരണം ഇല്ലാത്തതിനാൽ, അഡ്വാൻസ് തുക എത്രയും വേഗം ഈടാക്കാൻ വേണ്ട നിർദ്ദേശം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു. സിൽക്കിൽ നിന്ന് ലഭിച്ച പഠന റിപ്പോർട്ട് ഇക്കപാലം നിർമ്മാണ വേളയിൽ ആവശ്യമായി വരുന്നതിനാൽ ഇതിനുവേണ്ടി ചെലവഴിച്ച 5,70,085 രൂപ നിഷ്ഫലമായതായി കണക്കാക്കാൻ കഴിയില്ല എന്ന കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ കഴിയില്ല. കൺസൾട്ടൻസി ചാർജ്ജിനത്തിൽ സിൽക്കിനു നൽകിയ 6,00,000 രൂപയിൽ 29,915.85 രൂപ 27-7-2006-ലെ ചെക്ക് നമ്പർ 013095 പ്രകാരം തിരികെ ലഭിക്കുകയും ആയത് 17-8-2006-ലെ രസീത് നമ്പർ 369/18403 പ്രകാരം വരവിൽ ചേർക്കുകയും ചെയ്തിട്ടുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത രസീത് പിന്നീട് ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ഖണ്ഡിക നമ്പർ 63

ശിപാർശ

3.7.1 സ്റ്റേഡിയം ഗ്രൗണ്ടിൽ നിന്ന് മണ്ണ് മാറ്റി സൈറ്റിൽ നിക്ഷേപിച്ച പ്രവൃത്തിക്ക് നിയമാനുസൃതമായ സാങ്കേതികാനുമതി ലഭിച്ചിരുന്നില്ലെന്നും തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റ് അംഗീകരിക്കാനാവില്ലെന്നും ഇക്കാര്യത്തിൽ മുനിസിപ്പൽ സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എം. ഖാലിദും, പബ്ലിക് വർക്സ് ഓവർസീയർ (ഗ്രേഡ് I) ആയിരുന്ന ശ്രീ. കെ. രാധാകൃഷ്ണനുമാണ് ഉത്തരവാദികളെന്നും, കൂടുതലായി നൽകിയ 9,986 രൂപ ഇവരിൽനിന്നും ഈടാക്കുന്നതിനുവേണ്ടി ഇവർക്ക് മെമ്മോ നൽകിയിരിക്കുകയാണെന്നും നഗരകാര്യ ജോയിന്റ് ഡയറക്ടർ തന്നെ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഈ രണ്ട് ഉദ്യോഗസ്ഥർക്ക് പുറമെ മറ്റേതെങ്കിലും ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അധികം നൽകിയ തുക പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.7.2 നഗരസഭ സമർപ്പിച്ച തുടർ നടപടി റിപ്പോർട്ടിൽ റിട്ടയർ ചെയ്ത മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എം. ഖാലിദിന് 5-6-2006-ൽ ഒരു രജിസ്റ്റേർഡ് മെമ്മോകൂടി അയച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.7.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല. അധികചെലവ് വന്നുവെന്ന ഓഡിറ്റ് പരാമർശം നഗരസഭ അംഗീകരിച്ച സാഹചര്യത്തിൽ നഷ്ടം ഉത്തരവാദികളിൽ നിന്നും എത്രയും വേഗം പലിശ സഹിതം ഈടാക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

3.7.4 അധിക ചെലവ് വന്നുവെന്ന ഓഡിറ്റ് പരാമർശം നഗരസഭ അംഗീകരിച്ച സാഹചര്യത്തിൽ നഷ്ടം സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എം. ഖാലിദ്, പബ്ലിക് വർക്സ് ഓവർസീയർ ഗ്രേഡ്-I ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവരിൽനിന്നും എത്രയുംവേഗം പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## തദ്ദേശ സ്വയംഭരണവകുപ്പ് ലഭ്യമാക്കിയ അധികവിവരം

3.7.5 മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എം. ഖാലിദ്, പബ്ലിക് വർക്ക്സ് എഞ്ചിനീയർമാരായ ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. ജോൺ ജോഷി എന്നിവരിൽനിന്നും 10,153/- രൂപ ഒടുക്കി നഗരസഭ ഫണ്ടിൽ അടച്ച രസീതുകൾ ഹാജരാക്കുന്നു. ആയതിനാൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

3-7-6 1998-99-ലെ ഓഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ച 21,164 രൂപയിൽ 10,153 രൂപ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എം. ഖാലിദ്, പബ്ലിക് വർക്ക്സ് എഞ്ചിനീയർമാരായ ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. ജോൺ ജോഷി എന്നിവരിൽ നിന്നും ഈടാക്കിയിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

ഖണ്ഡിക നമ്പർ 79

<u>ശിപാർശ</u>

3.8.1 ഇക്കാര്യം പരിശോധിച്ച് നഗരകാര്യ ഡയറക്ടർ മുഖാന്തിരം തൊടുപുഴ നഗരസഭാ സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ തൊടുപുഴ നഗരസഭയിൽ കൃഷി ഫീൽഡ് ഓഫീസർ പിൻവലിച്ച 44,000 രൂപയുടെ ചെലവിന് ഉപോൽബലകമായ രേഖകൾ ഹാജരാക്കിയിട്ടുള്ളതിനാലും ഫീൽഡ് ഓഫീസറിൽനിന്ന് ചാർജ്ജ് കൈപ്പറ്റിയ കൃഷി അസിസ്റ്റന്റ് മരിച്ചുപോയിട്ടുള്ളതിനാലും ആഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നഭ്യർത്ഥിച്ചിരുന്നു. (നഗരകാര്യ ഡയറക്ടറുടെ 24-9-2004-ലെ സി.4/9635/ 2004/(1) നമ്പർ കത്ത് പ്രകാരം) നഗരകാര്യ ഡയറക്ടറുടെ 29-10-2004-ലെ എൽ.എഫ്. 20124/ സ്പെ.സെൽ.(ജെ 1) 2004 നമ്പർ കത്തിലൂടെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറും ആഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്ന നഗരകാര്യ ഡയറക്ടറുടെ ശിപാർശ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. നഗരകാര്യ ഡയറക്ടറുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെയും ഇക്കാര്യത്തിലുള്ള ശിപാർശ കണക്കിലെടുത്ത് ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

## തൊടുപുഴ നഗരസഭ ലഭ്യമാക്കിയ മറുപടി

3.8.2 തൊടുപുഴ നഗരസഭയിലെ 2000-01-ലെ ആഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക V-3-ൽ നഗരസഭയുടെ കൃഷിവിഭാഗത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, 30-12-1997-ലെ B(A)120601 നമ്പർ ചെക്ക് പ്രകാരം കൈപ്പറ്റിയ 44,000 രൂപയിൽ 17,540 രൂപയുടെ ചെലവ് മതിയായ വൗച്ചറുകളുടെ അഭാവത്തിലും, തുക അനിശ്ചിതമായി കൈവശം വച്ചതിന്റെ പേരിലും തടസ്സം പുറപ്പെടുവിച്ചിരുന്നു. അടുക്കളത്തോട്ടം 30,000 രൂപ, പച്ചക്കറി കൃഷി 14,000 രൂപ എന്നീ പ്രോജക്ടുകളുടെ ഇനത്തിലുള്ള തുക ചെലവഴിച്ചതിലാണ് ഇപ്രകാരം ഓഡിറ്റ് തടസ്സം പുറപ്പെടുവിച്ചിരുന്നത്.

3.8.3 ഈ ഓഡിറ്റ് തടസ്സം സംബന്ധിച്ച് നഗരസഭാ തലത്തിൽ, പ്രാരംഭമായി നിലവിലുള്ള അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസറുടെ മറുപടി ആവശ്യപ്പെടുകയുണ്ടായി. ടിയാൻ സമർപ്പിച്ച മറുപടിയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വേളയിൽ സമർപ്പിച്ച രേഖകളല്ലാതെ മറ്റ് യാതൊരുവിധ റിക്കാർഡുകളും രശീതികളും കണ്ടെടുക്കുവാൻ

സാധിച്ചിട്ടില്ലെന്നും പ്രസക്ത കാലയളവിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസറായിരുന്ന സ്ഥലം മാറിപ്പോയ ശ്രീ. ചന്ദ്രശേഖരൻ നായർ ചെലവിനങ്ങളെ സംബന്ധിച്ച റിക്കാർഡുകൾ കൈമാറ്റം ചെയ്യിട്ടില്ലെന്നും അറിയിക്കുകയുണ്ടായി. അതേത്തുടർന്ന് മാവേലിക്കര കൃഷിഭവനിലേക്ക്, സ്ഥലം മാറിപ്പോവുകയും പിന്നീട് സർവ്വീസിൽനിന്നും റിട്ടയർ ചെയ്യുകയും ചെയ്ത മുൻ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ ശ്രീ. എൻ. ചന്ദ്രശേഖരൻ നായരുടെ വിശദീകരണം ആരായുകയും ടിയാന്റെ മറുപടിയിൽ പച്ചക്കറി കൃഷി 3 മാസം വീതം വരുന്ന 2 ഇടവേളകളിലായി നടത്തുവാൻ വേണ്ടിയാണ് 6 മാസക്കാലത്തോളം കൈവശം വച്ചിരുന്നതെന്നും പണം ചെലവഴിച്ചതിനുള്ള രശീതികൾ സൂക്ഷിച്ചിരുന്നതെന്നും സ്ഥലം മാറിപ്പോകുന്ന വേളയിൽ അവശേഷിച്ച തുകയായ 12,600 രൂപയും മറ്റു റിക്കാർഡുകളും ബന്ധപ്പെട്ട കാലയളവിലെ കൃഷി അസിസ്റ്റന്റായിരുന്ന ശ്രീ. പി. ഡി. സജീവന് കൈമാറിയിട്ടുള്ളതാണെന്നും അറിയിക്കുകയുണ്ടായി. തുടർന്ന് 18-6-2004-ൽ നടന്ന ബഹു. ഓഡിറ്റ് കമ്മിറ്റിയുടെ നടപടികളിൽ ക്യാഷ് ബുക്ക് പ്രകാരം കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയ 16,900 രൂപയുടെയും റബർമാർക്കറ്റിംഗ് സൊസൈറ്റിക്ക് വളത്തിന് നൽകിയ 26,230 രൂപയുടെ ചെലവുകൾ ക്രമീകരിക്കുകയും അവശേഷിക്കുന്ന 870 രൂപയുടെ ചെലവിന്റെ കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം വാങ്ങി റിപ്പോർട്ട് നൽകുവാൻ തൊടുപുഴ നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതേത്തുടർന്ന് നഗരകാര്യ ഡയറക്ടർ മുഖേന, സമർപ്പിച്ച റിപ്പോർട്ടിൽ തടസ്സവാദം ഉന്നയിച്ച തുകയ്ക്ക് ഉപോൽബലകമായ രേഖകൾ ഹാജരാക്കിയിട്ടുള്ളതിനാലും, പ്രസക്ത കാലയളവിലെ സ്ഥലം മാറിപോയ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസറിൽനിന്നും ചാർജ്ജ് കൈപ്പറ്റിയ കൃഷി അസിസ്റ്റന്റ് പി. ഡി. സജീവൻ മരിച്ചുപോയിട്ടുള്ളതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കി ലഭിക്കണമെന്ന് അപേക്ഷിക്കുകയും ഇത്തരുണത്തിൽ അർബൻ അഫയേഴ്സ് ഡയറക്ടറും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും സമർപ്പിച്ച ശിപാർശകളും പരിഗണിച്ച് മേൽപ്പറഞ്ഞ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റി 20-2-2006-ൽ നിർദ്ദേശിച്ചിട്ടുള്ളതാണെന്ന വിവരം ശ്രദ്ധയിൽപ്പെടുന്നു. ഇത്തരത്തിലുള്ള അപാകതകൾ മേലിൽ ആവർത്തിക്കാതിരിക്കുവാൻവേണ്ട നടപടികൾ ഇപ്പോൾ കൈക്കൊണ്ടിട്ടുണ്ടെന്ന വിവരവും അറിയിച്ചുകൊള്ളുന്നു.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി**

3.8.4 നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ഖണ്ഡികയിലെ തടസ്സം ഒഴിവാക്കുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി*

തിരുവനന്തപുരം,
2017, ആഗസ്റ്റ് 9.

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2.1.6 | തദ്ദേശസ്വയം ഭരണം | സമിതി ശിപാർശ പ്രകാരം തുക ഈടാക്കിയതും അതിന് സ്വീകരിച്ച നടപടിയും നിലവിലെ സ്ഥിതിയും സംബന്ധിച്ച് മറുപടി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.7 | തദ്ദേശസ്വയം ഭരണം, കേരള സംസ്ഥാന ഓഡിറ്റ് | ചെലവുകൾ സാധൂകരിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് നൽകി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3. | 2.3.6 | തദ്ദേശസ്വയം ഭരണം | ലോക്കൽ ഫണ്ട് ഓഡിറ്റ് എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ 13.11.2007-ലെ എൽ.എഫ്.ഇ(എം1) 1892/07 നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4. | 2.4.8 | തദ്ദേശസ്വയം ഭരണം ഓഡിറ്റ് | ഫയൽ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5. | 2.5.7 | തദ്ദേശസ്വയം ഭരണം | ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രസ്തുത രേഖകൾ ഹാജരാക്കണമെന്നും, അല്ലാത്ത പക്ഷം തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 6. | 2.6.10 | തദ്ദേശസ്വയം ഭരണം | പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശത്തിന്മേൽ സർക്കാർ ഉചിതമായ നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 2.7.4 | തദ്ദേശസ്വയം ഭരണം | ഭവനനിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് നൽകുക. |

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.